6401
6/6/15

കേരള സർക്കാർ
സംഗ്രഹം

പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്-സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് (പ്രൈവറ്റ്) മേഖലയിൽ പ്രൈമറിതലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2015-16 വിദ്യാഭ്യാസവർഷാരംഭത്തിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.889/15/പജപവവിവ          തിരുവനന്തപുരം, തീയതി 03.06.2015.

---

പരാമർശം:- 1. സ.ഉ(സാധാ) നം. 1475/14/പജപവവിവ, തീയതി 29/08/2014.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിനായി സമർപ്പിച്ച പ്രാപ്പോസൽ.

## ഉത്തരവ്

സർക്കാർ/എയ്ഡഡ് (പ്രൈവറ്റ്) സ്ഥാപനങ്ങളിൽ പ്രൈമറിതലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2014-15 അദ്ധ്യയനവർഷത്തിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുന്നതിന് സ്കൂൾ മേധാവി മുഖേന ഒരു കുട്ടിക്ക് 2000/- രൂപ നിരക്കിൽ നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിരവധി വിദ്യാർത്ഥികൾക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-16 അദ്ധ്യായനവർഷത്തിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം ലഭ്യമാക്കിയിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെ പട്ടികജാതിയിൽപ്പെട്ട 145000 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഒരു വിദ്യാർത്ഥിക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 2000/- രൂപ നിരക്കിൽ 145000 വിദ്യാർത്ഥികൾക്ക് 29,00,00,000/- രൂപ (ഇരുപത്തി ഒമ്പത് കോടി രൂപ) ആവശ്യമായി വരും. യൂണിഫോം (2 ജോടി), സ്കൂൾ ബാഗ് , കുട, ചെരുപ്പ്, ടിഫിൻ ബോക്സ്/വാട്ടർബോട്ടിൽ, പേന, പെൻസിൽ, നോട്ട് ബുക്സ് , സ്റ്റേഷനറി തുടങ്ങിയ മറ്റ് പഠനസാമഗ്രികളടക്കം വാങ്ങുന്നതിനായി ഈ തുക വിനിയോഗിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഈ പദ്ധതി അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേനയാണ് നടപ്പിലാക്കേണ്ടത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് (പ്രൈവറ്റ്) മേഖലയിൽ പ്രൈമറിതലം വരെ പഠിക്കുന്ന

പട്ടികജാതി വിദ്യാർത്ഥികൾക്ക് 2015-16 വിദ്യാഭ്യാസവർഷാരംഭത്തിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് 29,00,00,000/- (ഇരുപത്തി ഒമ്പത് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2015-16 സാമ്പത്തിക വർഷത്തിലെ 2225-01-277-57-34 അസിസ്റ്റന്റ്സ് ഫോർ എഡ്യൂക്കേഷൻ ഓഫ് എസ്.സി. സ്റ്റുഡന്റ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ആശാതോമസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. പട്ടികജാതി വികസന ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എസ്&ജി സെക്ടർ,)കേരള, തിരുവനന്തപുരം.
3. ചീഫ് സെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം.
4. ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
5. ധകാര്യ (WW) വകുപ്പ്
6. പട്ടികജാതി പട്ടികവർഗ്ഗ വികസന(ബി) വകുപ്പ്
7. ഇൻഫർമേഷൻ ഓഫിസർ(വെബ് & ന്യൂ മീഡിയ) (I &PRD)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ജോയിന്റ് സെക്രട്ടറി.